بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 08.05.15 ഖുത്ബ സംഗ്രഹം

## സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്

### 08.05.15 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം

**നമ്മുടെ മസ്ജിദുകൾ വർധിക്കുകയും ജനങ്ങളെക്കൊണ്ട് എപ്പോഴും നിറഞ്ഞിരിക്കുകയും വേണം. ഇതാണ് അല്ലാഹു നമ്മുടെ അഭിവൃദ്ധിയ്ക്ക് മാർഗമാക്കിയിരിക്കുന്നത്. നിങ്ങൾ മസ്ജിദുകളെ ജനബാഹുല്യമുള്ളതാക്കി വെക്കുവോളം നിങ്ങളും ജനബാഹുല്യമുള്ളവരായിരിക്കും. നിങ്ങൾ മസ്ജിദുകളെ ഉപേക്ഷിക്കുമ്പോൾ അല്ലാഹുവും നിങ്ങളെ ഉപേക്ഷിക്കും. ഈ അഭിവൃദ്ധികൾ അല്ലാഹുവിന്റെ അനുഗ്രഹത്താലാണ് ലഭിക്കുന്നത്. അല്ലാഹുവിന്റെ ഫള്ല് അവന്റെ ഭവനത്തോടുള്ള കടമ നിറവേറ്റുന്നതിലൂടെയാണ് വർധിക്കുന്നത്.**

തശഹ്ഹുദും തഅവ്വുദും സൂറ ഫാതിഹാ ഓതിയതിനുശേഷം ഹദ്റത്ത് ഖലീഫത്തുൽമസീഹ് അൽഖാമിസ് അയ്യദഹുല്ലാഹുത്തആലാ ബിനസ്രിഹിൽ അസീസ് പറഞ്ഞു:

കഴിഞ്ഞ വെള്ളിയാഴ്ച ഞാൻ ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറഞ്ഞ സംഭവങ്ങളിൽ ഖാദിയാനിലെ പ്രാരംഭ കാലത്തെ സംഭവങ്ങളെക്കുറിച്ച് പറഞ്ഞിരുന്നു. ഖാദിയാനിലെ പരിസര പ്രദേശങ്ങളുടെ അവസ്ഥ എന്തായിരുന്നുവെന്ന്. ഹദ്റത്ത് മസീഹ് മൗഊദ്(അ)നടക്കാൻപോകുമ്പോൾ ഒപ്പം ഉണ്ടാകാറുണ്ടായിരുന്നത് ഒന്നുരണ്ടോ ആൾക്കാർ മാത്രമായിരുന്നു. പുല്ലുകൾ നിറഞ്ഞ ഇടുങ്ങിയ നടപ്പാതകളായിരുന്നു എങ്ങും. ഇപ്പോൾ ഖാദിയാൻ എങ്ങനെ അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നു. ഈ അഭിവൃദ്ധി സാധാരണ ജനങ്ങളുടെ അഭിവൃദ്ധി പോലെയായിരുന്നില്ല. മറിച്ച് ഈ അഭിവൃദ്ധി ഉണ്ടാകുമെന്ന് അല്ലാഹു ആ മഹാത്മാവിനോട് പറഞ്ഞിരുന്നതാണ്. വലിയ രാജവീഥികളുടേയും റോഡുകളുടേയും അടുത്തു താമസിക്കുന്ന ജനത അഭിവൃദ്ധിപ്പെടുകതന്നെ ചെയ്യും. പക്ഷേ, ഖാദിയാൻ ഒരു മൂലയിലായിരുന്നു ഉണ്ടായിരുന്നത്. റോഡുകളും ഉണ്ടായിരുന്നില്ല. എന്നിട്ടും അഭിവൃദ്ധിപ്പെട്ടു. ഇപ്പോഴുള്ള ഖാദിയാനെ കാണാൻ വേണ്ടി ദൂരദൂരനിന്ന് ആളുകൾ വരുന്നു. എന്നല്ല ഖാദിയാന്റെ നിയന്ത്രണത്തിലുള്ള ഭാഗത്ത് ഇപ്പോൾ കെട്ടിടങ്ങളുടെ വിശാലതയും മനോഹാരിതയും കാരണത്താൽ സർക്കാറിന്റെ ചില ഫംഗ്ഷനുകൾ നടത്താൻ അനുമതി തേടിക്കൊണ്ടുള്ള അപേക്ഷകളും വന്നു കൊണ്ടിരിക്കുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) ഈ അഭിവൃദ്ധിയുടെ അടയാളത്തിന്റെ ചില സ്ഥലങ്ങളെ സംബന്ധിച്ച് കൂടുതൽ വിശദീകരിച്ചിരിക്കുന്നു. ആ മഹാത്മാവ് പറയുന്നു: “നോക്കുക! അല്ലാഹു മസീഹു മൗഊദിൽ എത്ര മഹത്തായ അടയാളമാണ് കാണിച്ചു തന്നിട്ടുള്ളത്. നിങ്ങൾ അക്കാലഘട്ടം പ്രാപിച്ചിട്ടില്ല എന്നത് വാസ്തവമാണ്. എന്നാൽ, നാം അതിനെ പ്രാപിക്കുകയും കാണുകയും ചെയ്തു. അതിനാൽ ഇത്രമാത്രം അടുത്തുള്ള അടയാളങ്ങളെ നിങ്ങളുടെ ഭാവനയുടെ കണ്ണുകൾ കൊണ്ട് കൂടുതൽ ബുദ്ധിമുട്ടൊന്നും കൂടാതെ കാണാൻ കഴിയുന്നതാണ്. അടയാളങ്ങൾ അവിടെ നില്ക്കട്ടെ, മസ്ജിദ് മുബാറക്കിനെ മാത്രം നോക്കുക. മസ്ജിദ് മുബാറക്കിൽ ഒരു തൂണ് പടിഞ്ഞാറുനിന്ന് കിഴക്കോട്ട് നില്ക്കുന്നുണ്ട്. അതിന്റെ വടക്കുഭാഗത്തുള്ള ഭാഗമായിരുന്നു അക്കാലഘട്ടത്തിലെ മസ്ജിദ്. അവിടെ നമസ്കാര സമയത്ത് ചിലപ്പോൾ ഒന്നോ രണ്ടോ സ്വഫ്ഫുകളുണ്ടാകുമായിരുന്നു. ആ ഭാഗത്ത് നമസ്കാരത്തിന് വെറും രണ്ടു ലൈനുമാത്രമേ നില്ക്കാൻ കഴിയുമായിരുന്നുള്ളു. ഓരോ ലൈനിലും അഞ്ച്, ഏഴ് ആളുകൾവീതമേ നില്ക്കാൻ സാധിച്ചിരുന്നുള്ളു. അവിടന്ന് പറയുന്നു, എനിക്കോർമയുണ്ട്. ആ ഭാഗത്ത് നമസ്കാരക്കാർ നമസ്കരിക്കുകയും അവസാനം അതായത് മൂന്നാമത്തെ ഭാഗത്ത് നമസ്കാരക്കാർ നില്ക്കുകയും ചെയ്യുമ്പോൾ ഞങ്ങളുടെ അത്ഭുതത്തിന് ഒരു അതിരുമുണ്ടാകുമായിരുന്നില്ല. അതായത് പതിനഞ്ചാമത്തേയോ പതിനാറാമത്തേയോ ആൾ വന്നാൽ ‘ഇപ്പോൾ ഒരുപാടാളുകൾ നമസ്കരിക്കാൻ വരുന്നുണ്ടെന്ന്’ അത്ഭുതത്തോടെ ഞങ്ങൾ പറയുമായിരുന്നു. അത് എത്രവലിയ വിജയമാണെന്നോർത്തിട്ടായിരുന്നു ഞങ്ങൾ അത്ഭുതപ്പെട്ടത്.” ആ അവസ്ഥ നിങ്ങളൊന്ന് സങ്കല്പിച്ച് നോക്കുക. എന്നിട്ട് അല്ലാഹുവിന്റെ അനുഗ്രഹം ഇറങ്ങുമ്പോൾ എന്തിൽ നിന്ന് എന്താക്കിമാറ്റുന്നുവെന്ന് ചിന്തിച്ചുനോക്കുകയും ചെയ്യുക.

പിന്നീട് നമ്മുടെ ആളുകളിലും ഉണ്ടായിട്ടുള്ള മാറ്റത്തെ സ്മരിച്ചുകൊണ്ട് അവിടന്ന് പറയുന്നു: “എനിക്കോർമയുണ്ട്. അതായത് ഞങ്ങളുടെ ബന്ധുക്കളിലും പിന്നീട് മാറ്റങ്ങളുണ്ടായി. ആദ്യം അവർ എതിരാളികളായിരുന്നു. പിന്നീട് അവർ ജമാഅത്തിൽ ചേരുകയും ചെയ്തു.” അവിടന്ന് പറയുന്നു: “ഞങ്ങളുടെ തായീ സാഹിബ(പിതാവിന്റെ ജ്യേഷ്ഠന്റെ ഭാര്യ)-ഇവർ പിന്നീട് അഹ്മദിയായി- എന്നെ കണ്ടുകൊണ്ട് പറയാറുണ്ടായിരുന്നു, ‘ജീഹൂ ജിയാക്കാ ഔഹോ ജിയെ കോക്കോ’. എന്റെ മാതാവ് ഇന്ത്യാക്കാരിയായ കാരണത്താലും കുട്ടിക്കാലത്ത് അധികം അറിവില്ലാതിരുന്നതിനാലും എനിക്ക് ഈ പഞ്ചാബി പദങ്ങളുടെ അർഥം മനസ്സിലായിരുന്നില്ല. ഒരു ദിവസം ഞാനെന്റെ മാതാവിനോട് അതിനെക്കുറിച്ച് ചോദിച്ചു. അതിന്റെ അർഥമെന്താണെന്ന്. മാതാവ് പറഞ്ഞു, അതിന്റെ അർഥം ‘കാക്കയെപ്പോലെ തന്നെയായിരിക്കും അതിന്റെ കുഞ്ഞും’എന്നാണ്. കാക്കയെക്കൊണ്ടുദ്ദേശിക്കുന്നത് നഊദുബില്ലാഹ് നിന്റെ അബ്ബായെയാണ്. കാക്കകുഞ്ഞുകൊണ്ടുദ്ദേശിക്കുന്നത് നീയുമാണ്.” ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു, ‘ഇതെല്ലാം പറഞ്ഞുകൊണ്ടിരുന്ന അതേ തായീ സാഹിബ, എപ്പോഴെങ്കിലും അവിടെ പോകുകയാണെങ്കിൽ വളരെ ബഹുമാനത്തോടെ പെരുമാറുന്ന ആ കാലവും ഞാൻ കണ്ടു. എനിക്കുവേണ്ടി കിടക്കവിരിച്ച് ആദരവോടെ എന്നെ അതിൽ ഇരുത്തുമായിരുന്നു. മര്യാദപൂർവം പെരുമാറുമായിരുന്നു.’ അല്ലാഹു ലോകരെ മാറ്റാനാഗ്രഹിക്കുമ്പോൾ എങ്ങനെയാണ് മാറ്റുന്നതെന്ന് ഇക്കാര്യങ്ങളെല്ലാം കണ്ടിട്ട് നിങ്ങൾക്ക് മനസ്സിലാക്കാൻ കഴിയും. അതിനാൽ ഞാൻ പറഞ്ഞതുപോലെ ഈ സംഭവങ്ങൾ ഈമാനിൽ ചൈതന്യവും അഭിവൃദ്ധിയും ഉണ്ടാക്കുന്നതിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഇതെല്ലാം നമ്മെ അല്ലാഹുവിന്റെ അരികിലേക്ക് കൊണ്ടുപോകുന്നതായിത്തീരണം. അല്ലാഹുവിന്റെ സഹായങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒപ്പമുണ്ടെന്ന് നമ്മളോടു പറയുന്നതാവേണ്ടതാണ്. നമുക്കും അതിൽ ഭാഗഭാക്കാകണം. ഖാദിയാനിൽ വസിക്കുന്ന അഹ്മദികളും പ്രത്യേകമായും ഇതിലേക്ക് ശ്രദ്ധിക്കേണ്ട ആവശ്യമുണ്ട്. നമ്മളിൽ ഒരുപാടാളുകൾ ഇക്കാര്യം അറിയുന്നവരാണ്. അതിന്റെ ചർച്ചകളും നടന്നു വരാറുണ്ട്.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു, 'ഖാദിയാൻ വളരും (കഴിഞ്ഞ കുറേ ഖുത്ബകളിൽ ഞാൻ സംഭവങ്ങളും വിവരിച്ചിരുന്നു). അതിന്റെ വ്യാപനം ബിയാസ് നദിവരെ ആയിത്തീരും.' ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ)താൻ കണ്ട ഒരു സ്വപ്നത്തിന്റെ അടിസ്ഥാനത്തിലാണ് പറഞ്ഞത്. എന്തായാലും ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) ഖാദിയാനിലെ ജനസംഖ്യ വളർന്ന് ബിയാസ് നദിവരെ എത്തുമെന്ന പ്രവചനത്തെ വിവിധവശങ്ങളിലൂടെ വിവരിച്ചുകൊണ്ട് ജമാഅത്തംഗങ്ങളെ, അവരുടെ ചുമതലകളിലേക്കും ശ്രദ്ധ ക്ഷണിച്ചിരിക്കുന്നു. ഈ ചുമതല വെറും ഖാദിയാനിൽ വസിക്കുന്നവരുടേതല്ല. മറിച്ച് ജമാഅത്തിലെ ഓരോ അംഗവും ഇത് മുന്നിൽ വെക്കേണ്ടതാണ്. ഒന്ന് അവിടന്ന് ഇതുപറഞ്ഞുകൊണ്ട് നമസ്കാരങ്ങളിലേക്ക്  നമ്മുടെ ശ്രദ്ധ ക്ഷണിച്ചു. ജനസംഖ്യ കൂടുന്നതും നമസ്കരങ്ങളുമായിട്ടെന്തു ബന്ധം എന്നത് അത്ഭുതകരമായ ഒരു കാര്യമാണ്. പക്ഷേ, ഇതാണ് ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ)ന്റെ കാര്യങ്ങളിലുള്ള മനോഹാരിത. അതായത് ഒരു കാര്യത്തെ വിവിധ വശങ്ങളിലൂടെ വിശദീകരിച്ച് അതിന്റെ പ്രാധാന്യത്തെ കൂടുതൽ തെളിമയാർന്നതാക്കി പറയുന്നു.

ജനസംഖ്യ കൂടുന്നതനുസരിച്ച് ഖാദിയാനിൽ മൂന്നു നാലു ലക്ഷം ആളുകൾക്ക് നമസ്കരിക്കാൻ പറ്റിയ ഒരു വിശാലമായ മസ്ജിദ് നിർമിക്കുന്ന കാലവും  വരാൻ സാധ്യതയുണ്ട്. നോക്കുക, അല്ലാഹുവിന്റെ വലിയ അനുഗ്രഹമാണിത്. ജനങ്ങളുടെ മസ്ജിദുകൾ വിജനമായി കിടക്കുമ്പോൾ നമ്മൾ നമ്മുടെ മസ്ജിദുകൾ വർധിപ്പിക്കുന്നു. അപ്പോൾ അത് വീണ്ടും ജനങ്ങൾക്ക് നമസ്കരിക്കാൻ ഇടംകിട്ടാത്തവിധം ഇടുങ്ങിയതായിത്തീരുന്നു. പിന്നീട് താൻ ജുമുഅ നമസ്കരിക്കാൻ പോയ സംഭവം ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ)വിശദീകരിക്കുന്നു. പറയുന്നു: "എനിക്ക് അന്ന് പതിനഞ്ചോ പതിനാറോ വയസ്സായിരുന്നു. ഞാൻ വീട്ടിൽനന്നിറങ്ങിയപ്പോൾ ഒരാൾ മസ്ജിദിൽനിന്ന് തിരിച്ചുവരികയായിരുന്നു. അയാൾ പറഞ്ഞു, മസ്ജിദിൽ നമസ്കരിക്കാൻ ഒട്ടും സ്ഥലമില്ല. അയാളുടെ ഈ വാക്ക് കേട്ട് ഞാനും തിരിച്ചു പോന്നു. ഞാൻ ളുഹ്ർ നമസ്കരിച്ചു.' ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ) പറയുന്നു, 'യഥാർഥത്തിൽ മസ്ജിദ് നിറഞ്ഞിട്ടുണ്ടോ നമസ്കരിക്കാൻ സ്ഥലമില്ലേ എന്ന് ഞാൻ അന്വേഷിക്കേണ്ടതായിരുന്നു. എവിടെയെങ്കിലും ഇരിക്കാനോ നില്ക്കാനോ സ്ഥലമുണ്ടോ എന്ന് നോക്കേണ്ടതായിരുന്നു.' എന്തായാലും അവിടന്ന് പറയുന്നു:'ഞാൻ ചെറുപ്രായംമുതൽ കൃത്യമായി നമസ്കരിക്കാറുണ്ടെന്നത് അല്ലാഹുവിന്റെ ഔദാര്യമാണ്. ഞാൻ ഇന്നുവരെ ഒരു നമസ്കാരവും പാഴാക്കിയിട്ടില്ല. നീ നമസ്കരിച്ചോ ഇല്ലേ എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിക്കൽപോലും ചോദിച്ചിട്ടുമില്ല.' അദ്ദേഹം പറയുന്നു: 'എനിക്ക് പതിനൊന്ന് വയസ്സുള്ളപ്പോൾ ഒരു ദിവസം ഞാൻ ളുഹായുടേയോ ഇശ്റാഖിന്റയോ നേരത്ത് വുളു ചെയ്ത് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെ കോട്ടിട്ട് അല്ലാഹുവിന്റെ തിരുസന്നിധിയിൽ നല്ലവണ്ണം കരഞ്ഞു. ഇനി ഒരിക്കലും നമസ്കാരം ഉപേക്ഷിക്കുകയില്ലെന്ന് പ്രതിജ്ഞ ചെയ്തു. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഈ പ്രതിജ്ഞയ്ക്കും ഈ ഏറ്റുപറച്ചിലിനും ശേഷം ഞാൻ ഒരിക്കലും ഒരു നമസ്കാരവും വിട്ടുകളഞ്ഞിട്ടില്ല.' അദ്ദേഹം പറയുന്നു: 'അതിനുശേഷം പക്ഷേ ആ ദിവസം എന്റെ അനാസ്ഥയെ അല്ലാഹു അകറ്റാൻ ഉദ്ദേശിച്ചിട്ടുണ്ടായിരിക്കണം. അല്പമെന്തെങ്കിലും അലസത കൊണ്ട് ജമാഅത്തായ നമസ്കാരങ്ങളിൽ  വല്ലപ്പോഴുമാണെങ്കിലും പങ്കെടുക്കുന്നില്ലെങ്കിൽ അത് അകന്നോട്ടെ എന്ന് കരുതിയിട്ടുണ്ടാകണം. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഞാൻ ജുമുഅ നമസ്കരിക്കാതെ മടങ്ങി വരുന്നത് കണ്ട് ചോദിച്ചു:'മഹ്മൂദ് ഇവിടെ വരിക.' ഞാൻ ചെന്നപ്പോൾ ചോദിച്ചു, 'ജുമുഅ നമസ്കരിക്കാൻ പോയില്ലേ?'  ഞാൻ പറഞ്ഞു, 'പോയിരുന്നു. പക്ഷേ, മസ്ജിദ് നിറഞ്ഞിരിക്കുന്നതുകൊണ്ട് അവിടെ നമസ്കരിക്കാൻ ഇടമില്ലെന്നറിഞ്ഞു. ഞാൻ പറയാനുള്ളത് പറഞ്ഞുപോയി. എന്നാൽ, മറ്റുള്ളവരുടെ വാക്കുകേട്ട് വിശ്വസിക്കേണ്ട ആവശ്യമെന്തായിരുന്നു എന്നോർത്ത് വല്ലാതെ പരിഭ്രമിച്ചു. അയാൾ സത്യമാണോ പറഞ്ഞതെന്ന് അറിയുകയില്ലല്ലോ? ഇനി അയാൾ പറഞ്ഞതു സത്യമാണെങ്കിൽ നല്ലതുതന്നെ. ഇനി അഥവാ കളവാണ് പറഞ്ഞതെങ്കിൽ -അയാൾ പറഞ്ഞത് ഞാൻ മസീഹ് മൗഊദ്(അ)നോട് പറഞ്ഞതുകൊണ്ട്-നീ എന്തിന് കളവു പറഞ്ഞു എന്ന് ചോദിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ)എന്നോട് ദ്വേഷപ്പെടും. അദ്ദേഹം പറയുന്നു, ഇന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)എന്തുപറയുമെന്നോർത്ത് എനിക്ക് വല്ലാത്ത ഭയംതോന്നി. ഇത്രയുമായപ്പോൾ മൗലവി അബ്ദുൽ കരീം സാഹിബ് നമസ്കാരം കഴിഞ്ഞ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സുഖവിവരം അന്വേഷിക്കാൻ വന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് വൃക്കയുടെ ബുദ്ധിമുട്ടുണ്ടായിരുന്നു. അതുകൊണ്ടാണ് ജുമുഅക്ക് പോകാതിരുന്നത്. ഇന്നെന്താണ് സംഭവിക്കാൻ പോകുന്നതെന്നോർത്ത് ഞാൻ അടുത്തുതന്നെ ചുറ്റിക്കറങ്ങി നിന്നു. അദ്ദേഹം വന്നുടനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ചോദിച്ചു:'ഇന്ന് മസ്ജിദിൽ കൂടുതൽ ആളുകൾ വന്നിരുന്നോ? മസ്ജിദിൽ നമസ്കരിക്കാൻ സ്ഥലമില്ലായിരുന്നോ?' ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനീ(റ)പറയുന്നു, 'ഇതുകേട്ടപാടെ അയാൾ എന്നോട് സത്യമാണോ കളവാണോ പറഞ്ഞതെന്ന് ചിന്തിച്ച് എന്റെ മനസ്സ് മരവിച്ചു. എന്നാൽ, അല്ലാഹു എന്റെ മാനം കാത്തു. മൗലവി അബ്ദുൽ കരീം സാഹിബ് ഇതു കേട്ടുടനെ പറഞ്ഞു, 'ഹുദൂർ അല്ലാഹുവിന്റെ വലിയ ഔദാര്യമായിരുന്നു. ഇരിക്കാൻ മസ്ജിദിൽ അല്പംപോലും സ്ഥലമുണ്ടയിരുന്നില്ല.' അപ്പോൾ എനിക്ക് മനസ്സിലായി ആ അഹ്മദി എന്തൊന്നാണോ പറഞ്ഞത് അത് സത്യമായിരുന്നുവെന്ന്.' അതുകൊണ്ട് അല്ലാഹു നമ്മുടെ അഭിവൃദ്ധിക്കുള്ളമാർഗം ഇതുതന്നെയാണ് വെച്ചിട്ടുള്ളത്. അതായത് നമ്മുടെ മസ്ജിദുകൾ എപ്പോഴും ജനനിബിഡമായിരിക്കുക. നിങ്ങൾ മസ്ജിദുകൾ ജനനിബിഡമാക്കി വെക്കുവോളം  നിങ്ങളും ജനബാഹുല്യമുള്ളവരായിരിക്കും. നിങ്ങൾ മസ്ജിദുകളെ ഉപേക്ഷിക്കുമ്പോൾ അല്ലാഹു നിങ്ങളേയും ഉപേക്ഷിക്കുന്നതാണ്.

ഖാദിയാന്റെ വ്യാപനം അഹ്മദിയ്യാ ജമാഅത്തിന്റെ അഭിവൃദ്ധിയും വ്യാപനവും വെറും വിസ്താരത്തിന്റെ അടിസ്ഥാനത്തിലും അംഗസംഖ്യയുടെ അടിസ്ഥാനത്തിലും മാത്രമല്ല. പ്രത്യുത വ്യാപനത്തിന്റെ പ്രകടനം നമ്മുടെ വീടുകളെ ജനനിബിഡമാക്കുന്നതുമായിട്ടാണ്. അല്ലാഹുവിന്റെ ഭവനം ജനനിബിഡമാക്കി വെക്കുന്നതുമായിട്ടാണ്. അതുകൊണ്ട് ഓരോ അഹ്മദിയും ഖാദിയാന്റെ അഭിവൃദ്ധി കാണാൻ ആഗ്രഹിക്കുന്ന ഖാദിയാൻ വാസികളാവട്ടെ, റബ്വയുടെ അഭിവൃദ്ധി കാണാൻ ആഗ്രഹിക്കുന്ന റബ്വ വാസികളാവട്ടെ, ജമാഅത്തിന്റെ അഭിവൃദ്ധിയുടെ ഭാഗമാകാൻ ആഗ്രഹിക്കുന്ന മറ്റു രാജ്യവാസികളാവട്ടെ, ജമാഅത്തിന്റെ അഭിവൃദ്ധി കാണണമെങ്കിൽ നിങ്ങളുടെ വീട് ജനബാഹുല്യമുള്ളതാക്കി വെക്കുന്നതോടൊപ്പം മസ്ജിദുകളേയും ജനബാഹുല്യമാക്കി വെക്കേണ്ടത് നിർബന്ധമാണ്. ഈ അഭിവൃദ്ധികൾ അല്ലാഹുവിന്റെ ഫള്ലുകൊണ്ടാണ് ലഭിക്കുന്നത്. അല്ലാഹുവിന്റെ ഫള്ല് വർധിക്കുന്നത് അവന്റെ ഭവനത്തിനോടുള്ള കടമ നിറവേറ്റുമ്പോഴാണ്. ഇന്ന് നമ്മൾ മസ്ജിദു നിർമാണത്തെ കുറിച്ച് പറയുമ്പോൾ എല്ലായിടത്തും മസ്ജിദ് ചെറുതാക്കിമാറ്റാനും ശ്രമിക്കേണ്ടതാണ്. അല്ലാഹു നമ്മെ ഒരിക്കലും ഉപേക്ഷിക്കാതിരിക്കുന്നതിനും ഹദ്റത്ത് മസീഹ്മൗഊദ്(അ)ന്റെ എല്ലാ പ്രവചനങ്ങളും വലിയ പ്രൗഢിയോടെ പുലരുന്നത് സ്വയം കാണുന്നതിനുംവേണ്ടി അല്ലാഹുവിനോട് ആത്മാർഥ ബന്ധമുണ്ടാക്കാൻ പരിശ്രമിക്കേണ്ടതാണ്.

പിന്നീട് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഈ പ്രവചനം ഉദ്ധരിച്ചുകൊണ്ട് അക്കാലത്തെ ഖാദിയാന്റെ അവസ്ഥകൾ കൂടുതൽ വിശദീകരിക്കുന്നുണ്ട്. എന്തായിരുന്നു അക്കാലത്തെ ഖാദിയാന്റെ അവസ്ഥയെന്ന്! പറയുന്നു: 'ഞാൻ ഖാദിയാന്റെ അഭിവൃദ്ധിയെ കുറിച്ചുള്ള പ്രവചനത്തെ സംബന്ധിച്ച് പറയുകയാണ്. അതിതാണ്. ഹദ്റത്ത് അഖ്ദസിനോടു പറയപ്പെട്ടു, ഖാദിയാൻഗ്രാമം അഭിവൃദ്ധിപ്പെട്ട് പെട്ട് വളരെ വലിയൊരു നഗരമായി മാറും; മുംബൈ, കൊൽക്കത്ത നഗരംപോലെ. 9, 10 ലക്ഷം ജനസംഖ്യയായിത്തീരും. ഇതിന്റെ ജനവാസം വടക്കും കിഴക്കുമായി -ഞാൻ പറഞ്ഞതുപോലെ ഇത് അക്കാലത്തെ അനുമാനത്തിന്റെ അടിസ്ഥാനത്തിലാണ് പറഞ്ഞിട്ടുള്ളത്- വ്യാപിച്ച് ബിയാസ്‌വരെ എത്തുന്നതായിരിക്കും. അത് ഖാദിയാനിൽനിന്ന് 9 മൈൽ അകലെ ഒഴുകിക്കൊണ്ടിരുക്കുന്ന ഒരു നദിയുടെ പേരാണ്. ഈ പ്രവചനം പ്രസിദ്ധീകരിച്ചപ്പോൾ ഖാദിയാന്റെ അവസ്ഥ എന്തായിരുന്നുവെന്ന് വെച്ചാൽ, അതിന്റെ ജനസംഖ്യ രണ്ടായിരത്തിനോടടുത്തായിരുന്നു. അല്പംചില കെട്ടിടങ്ങളായിരുന്നു ഉറപ്പുള്ളതുണ്ടായിരുന്നത്. ബാക്കിയെല്ലാം ദുർബലങ്ങളായിരുന്നു. വീടുകളുടെ വാടക വളരെ കുറച്ചുമാത്രമേ ഉണ്ടായിരുന്നുള്ളു. അഞ്ചോ ആറോ അണ മാസവാടകയ്ക്ക് വീട് കിട്ടുമായിരുന്നു. സ്ഥലത്തിന് ഒരു വിലയുമുണ്ടായിരുന്നില്ല. പത്ത് പന്ത്രണ്ട് രൂപയ്ക്ക് വീടു വെക്കാൻ പറ്റിയ നല്ല സ്ഥലം കിട്ടുമായിരുന്നു. ബാസാറിന്റെ അവസ്ഥ പറയാനുണ്ടായിരുന്നില്ല. രണ്ടുമൂന്നു രൂപയ്ക്കുള്ള ആട്ട ഒരു സമയത്ത് കിട്ടുമായിരുന്നില്ല. കാരണം ആളുകൾ കർഷകരായിരുന്നു. അവർ സ്വയം ആട്ട കൈവശം വെക്കുന്നതിനുപകരം ഗോതമ്പായിരുന്നു വെച്ചിരുന്നത്. ധാന്യം പൊടിച്ച് റൊട്ടി ഉണ്ടാക്കിയിരുന്നു. പൊടിക്കാനുള്ള ചക്കി അവരുടെ പക്കലുണ്ടായിരുന്നു. വിദ്യാഭ്യാസത്തിന് ഒരു പ്രൈമറി സർക്കാർ സ്കൂളുണ്ടായിരുന്നു. അതിന്റെ അധ്യാപകൻ കുറച്ച് അലൗൺസ് കൈപ്പറ്റി പോസ്റ്റുമാന്റെ പണിയുമെടുത്തിരുന്നു. പോസ്റ്റുകൾ വന്നിരുന്നത് ആഴ്ചയിലൊരിക്കലായിരുന്നു. വലിയ കെട്ടിടങ്ങളെല്ലാം നഗരങ്ങളിലായിരുന്നു. ഈ പ്രവചനം പുലരുമെന്നുള്ളതിന് ബാഹ്യമായ ഒരു ലക്ഷണവും ഉണ്ടായിരുന്നില്ല. കാരണം ഖാദിയാൻ റയിൽ പോകുന്ന വഴിയിൽനിന്ന് പതിനൊന്ന് മൈൽ അകലത്തായിരുന്നു. റോഡുകൾ മെറ്റിലോ ടാറോ ചെയ്യാത്തതുമായിരുന്നു. റയിലുള്ള രാജ്യങ്ങളിൽ അതിന്റെ അരികത്തുള്ള പട്ടണങ്ങളുടെ ജനസംഖ്യയാണ് വർധിക്കാറുള്ളത്. അല്ലെങ്കിൽ ടാറിട്ട റോഡുണ്ടാവണം. അല്ലെങ്കിൽ ട്രൈൻ സംവിധാനം വേണം. ഒരു ഫാക്ടറിയും ഖാദിയാനിലുണ്ടായിരുന്നില്ല; തൊഴിലാളികളുടെ വാസത്തോടൊപ്പം നഗരം അഭിവൃദ്ധിപ്പെടാൻ! ഒരു സർക്കാർ ഓഫീസും ഖാദിയാനിലുണ്ടായിരുന്നില്ല; അക്കാരണത്താൽ ഖാദിയാൻ അഭിവൃദ്ധിപ്പെടാൻ! ജില്ലയുടെ സ്ഥാനവും ഉണ്ടായിരുന്നില്ല. താലൂക്കിന്റെ സ്ഥാനവും ഉണ്ടായിരുന്നില്ല. പോലീസ് ഔട്ട്പോസ്റ്റും ഖാദിയാനിലുണ്ടായിരുന്നില്ല. ഖാദിയാനിൽ ഒരു മാർക്കറ്റുമുണ്ടായിരുന്നില്ല; അതുകാരണത്താൽ ഇവിടത്തെ ജനസംഖ്യ ഉയരാൻ! ഈ പ്രവചനം ചെയ്യപ്പെട്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് മുരീദന്മാരും കുറച്ചു നൂറുകളിൽ അധികമായിരുന്നില്ല; അവരെ നിർബന്ധിച്ച് ഇവിടെ കൊണ്ടുവന്ന് താമസിപ്പിച്ച് പട്ടണം വലുതാക്കാൻ! ഇക്കാര്യങ്ങളൊക്കെ മുന്നിൽവച്ചുകൊണ്ട് ഈ പ്രവചനത്തിൽ ആരു ചിന്തിച്ചാലും-ഇന്നത്തെ ഖാദിയാനേയും നോക്കുക, അതു ഇതുവരെ ബിയാസുവരെ വ്യാപിച്ചിട്ടില്ലെങ്കിലും പക്ഷേ, അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുകയാണ്. എന്നാലും-ഇന്നത്തെ ഖാദിയാനെ കണ്ടുകൊണ്ടുമാത്രം ഇതൊരു അടയാളം തന്നെയെന്ന് ഒരു ബുദ്ധിമാൻ സമ്മതിക്കുന്നതാണ്; അയാളുടെ ബുദ്ധി നീതിയുടെ ദൃഷ്ടിയുള്ളതാണെങ്കിൽ! ഹദ്റത്ത് മസീഹ് മൗഊദ്(അ)കണ്ട ഈ സ്വപ്നത്തിന്റെ അർഥം ഇതിനെക്കാൾ കൂടുതൽ ഖാദിയാൻ വളരുകയില്ല എന്നല്ല. ഏതെങ്കിലും കാലത്ത് ഖാദിയാൻ അഭിവൃദ്ധിപ്പെട്ട് ബിയാസ് നദി ഖാദിയാന്റെ ഉള്ളിലൂടെ ഒഴുകുന്ന തോടായി മാറാനും സാധ്യതയുണ്ട്. ഖാദിയാന്റെ ജനസംഖ്യ ബിയാസും കഴിഞ്ഞ് ഹോഷിയാർപൂർ ജില്ലയിലേക്ക് വ്യാപിക്കാനും ഇടയുണ്ട്.

ഖാദിയാനിൽ ഇപ്പോൾ ജമാഅത്തിന്റെ കെട്ടിടങ്ങളിൽ വർധനഉണ്ടായിക്കൊണ്ടിരിക്കുന്നു. ഓഫീസുകൾക്കു പുറമെ ഉദ്യോഗസ്ഥർക്കുള്ള ക്വാർട്ടേഴ്സുകളും ഫ്ളാറ്റുകളും നിർമിച്ചു വരുന്നു. മറ്റു ഫ്ളാറ്റുകളും നിർമിച്ചു വരുന്നുണ്ട്. ഖാദിയാൻ വാസികൾക്കും അവരുടെ അവസ്ഥകൾ മെച്ചപ്പെട്ടതാക്കാൻ അല്ലാഹു തൗഫീഖ് നല്കിക്കൊണ്ടിരിക്കുന്നു. അതായത് അവർക്ക് വലുതും വിശാലവുമായ വീടുണ്ടാക്കാൻ തൗഫീഖ് നല്കിക്കൊണ്ടിരിക്കുന്നു. ഇതിനു പുറമെ ഭാരതത്തിലെ കഴിവുള്ള അഹ്മദികളും തങ്ങളുടെ കെട്ടിടങ്ങളും വീടുകളും നിർമിക്കുന്നു. പിന്നെ മറ്റു രാജ്യങ്ങളിൽ വസിക്കുന്നവർക്കും ഇക്കാര്യത്തിൽ ശ്രദ്ധയുണ്ട്. പക്ഷേ, എല്ലാ ഓരോ അഹ്മദിയും മുന്നിൽവെക്കേണ്ട അടിസ്ഥാനപരമായ കാര്യം എല്ലാ അഭിവൃദ്ധിയുടേയും രഹസ്യം അഭിവൃദ്ധിയിൽ ഭാഗഭാക്കാകുന്നതിന്റെ രഹസ്യം അല്ലാഹുവിന്റെ ഭവനങ്ങളെ ജനബാഹുല്യമാക്കുന്നതും അതുമായി ബന്ധം ഉറപ്പിച്ചു നിറുത്തുന്നതുമാണ്. എവിടെയെങ്കിലും ആരെങ്കിലും അല്ലാഹുവിനെ ഉപേക്ഷിച്ചാൽ അവിടെ അല്ലാഹുവും അവനെ ഉപേക്ഷിക്കുന്നതാണ്. ഇതിപ്പോൾ ഖാദിയാന്റെ അഭിവൃദ്ധിയുമായി മാത്രം ബന്ധപ്പെട്ടതല്ല. പ്രത്യുത ജമാഅത്തിന്റെ മൊത്തത്തിലുള്ള അഭിവൃദ്ധിയും ഇതുമായി ബന്ധപ്പെട്ടതാണ്. അതായത് നിങ്ങളുടെ മസ്ജിദുകളെ ചെറുതാക്കിക്കൊണ്ടേപോകുക. അല്ലാഹുവിന്റെ തുണയും സഹായവും പ്രതീക്ഷിച്ചിരിക്കുക.

നമ്മൾ എപ്പോഴും ഓർക്കേണ്ടതാണ്, വെറും ഖാദിയാന്റെ അഭിവൃദ്ധി മാത്രമല്ല. പ്രത്യുത ജമാഅത്തിന്റെ എല്ലാ വിധത്തിലുമുള്ള അഭിവൃദ്ധിയേയും സംബന്ധിച്ച് അല്ലാഹുവിന്റെ വാഗ്ദാനമുണ്ട്. ഒരു അടയാളം നമ്മൾ പുലരുന്നത് കാണുമ്പോൾ രണ്ടാമത്തേതും പുലരുമെന്നുള്ള വിശ്വാസം വർധിക്കുന്നു. അതുകൊണ്ട് നിങ്ങളുടെ ഈമാനെ കരുത്തുള്ളതാക്കിവെക്കുക. അല്ലാഹുവുമായിട്ടുള്ള ബന്ധം ചേർത്ത് വെക്കുക. ഈമാന്റെ ഉറപ്പിനുവേണ്ടി ദുആയും ചെയ്തുകൊണ്ടിരിക്കുക. സൂര്യൻ ഉദിച്ചുയരും! ഉദിച്ചുയരുകതന്നെ ചെയ്യും! ഇൻശാഅല്ലാഹ്! അല്ലാഹുവിന്റെ സഹായം വരും! വരികതന്നെ ചെയ്യും!

ഇനി ചില മറ്റുകാര്യങ്ങളും കേൾപ്പിക്കുകയാണ്. വഖ്ഫെ നൗ ക്ലാസ്സിൽ ഒരു പെൺകുട്ടി ചോദിച്ചു, ഖബ്റിൽ പുഷ്പങ്ങളുടെ ചാദുർ ചാർത്തുന്നത് അല്ലെങ്കിൽ പുഷ്പങ്ങൾ ഇടുന്നതുകൊണ്ട് എന്താ തെറ്റ്? ഇത് അനുവദനീയമാണോ അല്ലേ? അത്തരം സംഭവം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) അറിഞ്ഞപ്പോൾ, അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഖബറിൽനിന്ന് ആളുകൾ അനുഗ്രഹം എന്ന നിലയിൽ മണ്ണ് എടുത്തുകൊണ്ടുപോകുന്നുവെന്നും ചിലർ ഖബ്റിൽ പുഷ്പങ്ങൾ ചാർത്തുന്നുവെന്നും അറിഞ്ഞപ്പോൾ പറഞ്ഞു, 'ഇതെല്ലാം വ്യർഥമായ കാര്യങ്ങളാണ്. അതുകൊണ്ട് ഒരു ഫലവുമില്ല. ഈമാൻ നഷ്ടപ്പെട്ടുപോകുകയാണ് ചെയ്യുന്നത്. ഖബ്റിൽ പുഷ്പങ്ങൾ ചാർത്തുന്നതുകൊണ്ട് മരിച്ചവർക്ക് എന്ത് ഗുണമാണുള്ളത്. ദുആ ഫലം ചെയ്യുന്നതാണ്. അത് ചെയ്യേണ്ടതുമാണ്. ലോകത്ത് നമ്മൾ കണ്ടുവരാറുണ്ട്. ആളുകൾ മറയടക്കപ്പെടുന്നു. മണ്ണായിത്തീരുന്നു. ഇത് നിയമമാണ്. പ്രകൃതിനിയമമാണ്. അങ്ങനെയാണ് അവസ്ഥയെങ്കിൽ ബാഹ്യമായ പുഷ്പങ്ങളുടെ സുഗന്ധങ്ങൾ ആർക്ക് എന്ത് നല്കാനാണ്. ആത്മാക്കൾ അതിന്റെ രക്ഷാശിക്ഷയ്ക്കായി അല്ലാഹുവിന്റെ തിരുസന്നിധിയിൽ ഹാജരായിക്കഴിഞ്ഞു. അല്ലാഹു അവരോട് കാരുണ്യത്തോടെ വർത്തിക്കാൻവേണ്ടി, ആ ആത്മാ

വിന്റെ നന്മക്കുവേണ്ടി ഇനി ദുആ ചെയ്യുകയാണ് വേണ്ടത്. അന്യാരാധനാപരമായ ഒരു തരത്തിലുള്ള പ്രവർത്തികളും ഖബ്റിടത്തുപോയി ചെയ്യരുത്.’ അല്ലാഹുവിന്റെ അനുഗ്രഹത്താൽ അഹ്മദി അങ്ങനെ ചെയ്യാറില്ല. പക്ഷേ, ചില സന്ദർഭങ്ങളിൽ അത്തരം കാര്യങ്ങൾ വരുന്നുണ്ട്. ഇവിടേയും ചിലയാളുകൾ പുഷ്പങ്ങളും മറ്റും ചാർത്താറുണ്ട്. ഇത് നിരർഥമായ പ്രവൃത്തിയാണ്. നമ്മുടെ ഖബ്റിടങ്ങളിൽ അങ്ങനെ ഉണ്ടാകാതിരിക്കേണ്ടതാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) ‘ഇസ്‌ലാമി ഉസൂൽ കി ഫലാസഫി എഴുതുകയും അത് വായിക്കുകയും ചെയ്തതിനെ സംബന്ധിച്ചുള്ള ഒരു സംഭവം ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) വിവരിക്കുന്നുണ്ട്. അതും അത്ഭുതകരമായ സംഭവമാണ്. അതിൽനിന്ന് ചില വളഞ്ഞ ആളുകളുടെ പ്രകൃതി മനസ്സിലാക്കാൻ കഴിയുന്നു. പിന്നീട് വളഞ്ഞുപോകുന്നു എന്നതല്ല. ആരംഭമുതലെ വളഞ്ഞതുതന്നെയാണത്. അല്ലാഹു അവരുടെ പര്യവസാനവും പിന്നെ ശരിയാക്കുകയില്ല. പറയുന്നു: ‘1897-ൽ ലാഹോറിൽ മഹാസമ്മേളനത്തിന്റെ അസ്തിവാരമിട്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടും അതിൽ  പ്രബന്ധം അവതരിപ്പിക്കാൻ ആവശ്യപ്പെട്ടു. ഖ്വാജ(കമാലുദ്ദീൻ)സാഹിബ് തന്നെയാണ് ആ സന്ദേശവുമായി വന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ആ നാളുകളിൽ വയറിളക്കത്തിന്റെ ബുദ്ധിമുട്ടുണ്ടായിരുന്നു. അതുണ്ടായിട്ടും അവിടന്ന് പ്രബന്ധം എഴുതാൻ ആരംഭിച്ചു. അല്ലാഹുവിന്റെ തൗഫീഖ് കൊണ്ട് മുഴുവിപ്പിക്കുകയും ചെയ്തു. പ്രബന്ധം ഹദ്റത്ത് മസീഹ് മൗഊദ്(അ) ഖ്വാജ സാഹിബിന് കൊടുത്തപ്പോൾ അദ്ദേഹം അതിനെക്കുറിച്ച് നിരാശ പ്രകടിപ്പിച്ചു. ഈ പ്രബന്ധം ആദരവിന്റെ ദൃഷ്ടിയാൽ നോക്കപ്പെടുകയില്ലെന്നും പരിഹാസത്തിന്പാത്രമാകുമെന്നും പറഞ്ഞു. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് പ്രബന്ധം മികച്ചുനില്ക്കുമെന്ന് അല്ലാഹു പറഞ്ഞിട്ടുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) കാലേകൂട്ടിത്തന്നെ ഈ ഇൽഹാമിനെ സംബന്ധിച്ചുള്ള വിജ്ഞാപനം  ലാഹോറിൽ പ്രസിദ്ധപ്പെടുത്തുന്നത് ഉചിതമായി മനസ്സിലാക്കി. അങ്ങനെ വിജ്ഞാപനം എഴുതി ഖ്വാജ സാഹിബിനെ ഏൽപിച്ചു. അത് ലഹോർ മുഴുവൻ വിതരണം ചെയ്യാനും പതിക്കാനും പറഞ്ഞു. ഖ്വാജസാഹിബിനെ വളരെയേറെ സമാധാനിപ്പിക്കുകയും ചെയ്തു. എന്നാൽ, ഖ്വാജ സാഹിബ് മുമ്പേതന്നെ പ്രബന്ധം നിരർഥവും അസഭ്യവുമാണെന്നുള്ള തീരുമാനമെടുത്തിരിക്കുകയായിരുന്നു. അദ്ദേഹം സ്വയം അത് പ്രസിദ്ധീകരിക്കുകയോ മറ്റുള്ളവർക്ക് പ്രസിദ്ധീകരിക്കാൻ കൊടുക്കുകയോ ചെയ്തില്ല. അവസാനം ഈ പ്രബന്ധം കേൾപ്പിക്കേണ്ട ദിവസം വന്നെത്തി. പ്രബന്ധം കേൾപ്പിക്കാൻ തുടങ്ങിയപ്പോൾ കുറച്ചുമിനിറ്റുകൾ കഴിഞ്ഞതേയുള്ളു, നമുക്കെല്ലാവർക്കും അറിയാം ചരിത്രത്തിൽ വന്നിട്ടുള്ളതുപോലെ ആളുകൾ ബിംബങ്ങളായി. അവരുടെമേൽ ഇന്ദ്രജാലം ചെയ്യപ്പെട്ടതുപോലെയായിത്തീർന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രബന്ധം എല്ലാത്തിനെക്കാളും മികച്ചതായിരുന്നുവെന്നും അല്ലാഹു പറഞ്ഞ കാര്യം പൂർത്തിയായെന്നും അനുകൂലികളും പ്രതികൂലികളും ഒരുപോലെ പറഞ്ഞു.  എന്നാൽ, ഈ ഉഗ്രൻ പ്രവചനത്തെ ഖ്വാജ സാഹിബിന്റെ ബലഹീനമായ വിശ്വാസം മറച്ചുവെച്ചു.

പിന്നീട് അഹ്മദികളിൽ എത്തരത്തിലുള്ള ദീനിപരമായ ആത്മീയരോഷമാണ് ഉണ്ടാകേണ്ടത് എന്നതിനെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഒരു സംഭവം വിവരിക്കുന്നു. ചീത്ത പറയുന്ന സ്ഥലത്ത് പോകുന്നതുതന്നെ എന്തിനാണ്?  അവരുടെ അവിടെ പോകൽതന്നെ വിളിച്ചോതുന്നത് അവർ യഥാർഥ ആത്മീയരോഷത്തിന്റെ സ്ഥാനത്തല്ല ഉള്ളതെന്നാണ്. നിങ്ങളുടെ ഉള്ളിൽ യഥാർഥ ധാർമികരോഷമുണ്ടെങ്കിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയോ നമ്മുടെ ഇമാമിനേയോ മറ്റു പുണ്യാത്മക്കളേയോ ചീത്ത പറയുന്നിടത്ത് പോകുന്നതെന്തിനാണ്? നിങ്ങൾ അവിടെ പോകുന്നത് വിളിച്ചോതുന്നു, നിങ്ങളുടെ ഉള്ളിൽ ആത്മാഭിമാനമില്ലെന്ന്. അല്ലെങ്കിൽ താഴെക്കിടയിലുള്ള ആത്മാഭിമാനമേ ഉള്ളൂവെന്ന്. എനിക്കോർമയുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽ ആര്യാക്കൾ ലാഹോറിൽ ഒരു സമ്മേളനം നടത്തി. അവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രബന്ധം വായിക്കപ്പെട്ടു. അതിൽ പറഞ്ഞ എല്ലാ കാര്യങ്ങളും സ്നേഹവും മൈത്രിയും അടങ്ങുന്നതായിരുന്നു. അതിനുശേഷം ഒരു ആര്യസമാജക്കാരൻ പ്രബന്ധം അവതരിപ്പിച്ചു. അതിൽ നബി(സ)തിരുമേനിയെ വല്ലാതെ ചീത്ത പറഞ്ഞു. ക്രിസ്ത്യാനികളും ആര്യസമാജക്കാരും പറയുന്ന എല്ലാ ആക്ഷേപങ്ങളും അതിലുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) സമ്മേളനത്തിൽ നബി(സ) തിരുമേനിയെ ചീത്ത പറഞ്ഞു എന്ന് കേട്ടപ്പോൾ അവിടന്ന് കഠിനമായി ദ്വേഷപ്പെട്ടു. ഹദ്റത്ത് ഖലീഫ അവ്വലിനോടും ദ്വേഷപ്പെട്ടു. എന്തുകൊണ്ട് നിങ്ങൾ പ്രതിഷേധിച്ചുകൊണ്ട് അവിടന്ന് എഴുന്നേറ്റു വന്നില്ല എന്ന് ചോദിച്ചു. നിങ്ങൾ ഒരു വിധത്തിലും ഇത് സഹിക്കാൻ പാടില്ലായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ആവർത്തിച്ചാവർത്തിച്ച് വെറുപ്പ് പ്രകടിപ്പിച്ചുകൊണ്ടിരുന്നു. എന്തായാലും ഹദ്റത്ത് മസീഹ് മൗഊദ്(അ) കുറച്ചു കഴിഞ്ഞ് മാപ്പാക്കി.

ഖുത്ബ ജുമുഅയുടെ അവസാനം ഹുദൂർ അൻവർ ഖാദിയാനിലെ ആദരണീയനായ ഹാജി മൻളൂർ അഹ്മദ് സാഹിബ് ദർവേശിനെ അനുസ്മരിച്ചു. അദ്ദേഹം വഫാത്തായത് 2015 മെയ് ഒന്നാം തിയതിയായിരുന്നു. 85 വയസ്സായിരുന്നു. പരേതന്റെ സ്തുത്യർഹമായ ഗുണവിശേഷങ്ങളും സേവനങ്ങളും ഹുദൂർ വിവരിക്കുകയുണ്ടായി. ദുആ ചെയ്തു, അല്ലാഹു പരേതന്റെ പദവികൾ ഉയർത്തുമാറാകട്ടെ. അദ്ദേഹത്തിന്റെ മക്കൾക്കും അദ്ദേഹത്തിന്റെ ചുവടുകളുലൂടെ നടക്കാൻ തൗഫീഖ് നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)

at Baithul Futuh,London – on 08.05.15

Malayalam Translation : Mau.Mohammad Ismaeel, For Malayalam Desk,Qadian.

Published By Nazarath Nashr-O-Isha’ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To

Ahmadiyya Muslim Jama’at

Baithul Quddoos, G.H.Road

Calicut - 673001,Kerala